ജി (2) 36577/2015

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 10.12.2015

# സർക്കുലർ നമ്പർ 50 /15

വിഷയം : സഹകരണ വകുപ്പ് - കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് - ശിഹാബ് തങ്ങൾ ചാരിറ്റബിൾ ഡയാലിസിസ് സൊസൈറ്റി - ഡയാലിസിസ് സെന്റർ - പൊതുനന്മാ ഫണ്ട്-സംഭാവന നല്കുന്നതു - സംബന്ധിച്ച്.

സൂചന : 1. ശിഹാബ് തങ്ങൾ ചാരിറ്റബിൾ ഡയാലിസിസ് സെന്റർ ചെയർമാൻ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച അപേക്ഷ

2. സർക്കാരിൽ നിന്നും ലഭിച്ച 09.11.15 ലെ 10973/പിഎസ്1/2015/സഹ നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശിഹാബ് തങ്ങൾ ചാരിറ്റബിൾ ഡയാലിസിസ് സൊസൈറ്റി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലേയും പരിസര പ്രദേശങ്ങളിലേയും നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യമായി ഡയാലിസ് സംവിധാനം ഒരുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നും ദിവസവും 100-ൽ പരം രോഗികൾക്ക് സേവനം നല്കി വരുന്നുവെന്നും പൊതുജനങ്ങൾ,സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ഉപയോഗിച്ചാണ് സൊസൈറ്റി ഇതുവരെ പ്രവർത്തിച്ചു വന്നിരുന്നതെന്നും സൗജന്യമായി നടത്തുന്ന ഇത്തരം സേവനത്തിന ഭീമമായ തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സെന്ററിന്റെ നടത്തിപ്പിന സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നല്കണമെന്നുമുള്ള സൊസൈറ്റി ചെയർമാന്റെ അപേക്ഷയ്ക്ക് സൂചന(2) പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്

ടി സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ കീഴിൽ വരുന്ന മലപ്പുറം ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് 1969 ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 56(2)(ഡി)പ്രകാരം സൃഷ്ടിച്ചിട്ടുള്ള പൊതുനന്മാഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേയ്ക്കായി സംഭാവന നൽകുന്നതിന അനുവാദം നല്കുന്നു.

ഒപ്പ്
എസ്. ലളിതാംബിക ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും(ജോയിന്റ് രജിസ്ട്രാർ മുഖേന)
3. ചെയർമാൻ, ശിഹാബ് തങ്ങൾ ചാരിറ്റബിൾ ഡയാലിസിസ് സെന്റർ പി.ഒ.കൊണ്ടോട്ടി, മലപ്പുറം -673638
4. വെബ്സൈറ്റ്
5. എഡിറ്റർ സഹകരണ വീഥി
6. സ്റ്റോക്ക് ഫയൽ.